കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭനഷ്ടങ്ങൾ

191 [243] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ ഓരോ വർഷത്തിലും കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ലാഭമോ നഷ്ടമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അരി, പഞ്ചസാര, മറ്റിനങ്ങൾ എന്നിങ്ങനെ ഇനം തിരിച്ച് നഷ്ടത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടില്ല. താൽക്കാലിക കണക്കുകൾ അനുസരിച്ചുള്ള ലാഭനഷ്ടക്കണക്കുകൾ താഴെ ചേർക്കുന്നു.

വർഷം	ലാഭം	നഷ്ടം
1982-83	..	2,31,72,997.80
1983-84	..	11,99,47,878.00
1984-85	5,63,83,912.17	..
1985-86	1,20,60,513.40	..

(ബി) ഇനം തിരിച്ചുള്ള ലാഭനഷ്ടക്കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

ഭക്ഷ്യധാന്യ മൊത്ത വ്യാപാരം നടത്തുന്നതിനു ലഭിച്ച അപേക്ഷകൾ

192 [244] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യ മൊത്ത വ്യാപാരം നടത്തുന്നതിന് സഹകാര്യ വ്യക്തികളിൽനിന്നും ലഭിച്ചിട്ടുള്ള ആകെ അപേക്ഷകൾ എത്ര ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ആകെയുള്ള അപേക്ഷകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര ?

ഉത്തരം

(എ) 456.

(ബി)

തിരുവനന്തപുരം	120
കൊല്ലം	38
ആലപ്പുഴ	14
കോട്ടയം	41
തൃശ്ശൂർ	41
പാലക്കാട്	27
കോഴിക്കോട്	75
കണ്ണൂർ	33
ഇടുക്കി	27
എറണാകുളം	42

(സി) 53.

LIBRARY ARCHIVES Kerala Legislative Assembly